**വ്യക്തിത്വം**

**ശിഹാബുദ്ദീൻ ആരാമ്പ്രം**

# സി.എൻ അഹ്മദ് മൗലവി

**കേരള** മുസ്‌ലിംകളുടെ സാമൂഹിക-സാംസ്കാരിക-വൈജ്ഞാനിക നവോത്ഥാന രംഗത്തെ മഹനീയ വ്യക്തിത്വമായിരുന്നു യശഃശരീരനായ സി.എൻ അഹ്മദ് മൗലവി. 1905-ൽ മലപ്പുറം ജില്ലയിലെ വേങ്ങരക്കടുത്ത് ചേറൂരിലെ സാധാരണ മുസ്‌ലിം കുടുംബത്തിലാണ് സ്മര്യ പുരുഷന്റെ ജനനം. പിതാവ് നത്താൻകോടൻ ഹസ്സൻകുട്ടി. മാതാവ് അഴുവത്ത് ഖദീജ. പിതാവ് രോഗശയ്യയിൽനിന്ന് എഴുന്നേറ്റ് പോയാണ് ഏഴാം വയസ്സിൽ മകനെ സ്കൂളിൽ ചേർത്തത്. അധികനാൾ കഴിയും മുമ്പേ പിതാവ് മരണപ്പെട്ടു. മൂന്നാംക്ലാസ് വരെ പഠിച്ചപ്പോഴേക്കും അധികൃതർ വിദ്യാലയം അടച്ചുപൂട്ടി. പിന്നീട് കരുവാരക്കുണ്ടിൽ ജ്യേഷ്ഠസഹോദരൻ കുഞ്ഞാലൻ മുസ്‌ലിയാരുടെ പള്ളിദർസിൽ പഠനം തുടർന്നു. കടുത്ത ദാരിദ്ര്യം നിമിത്തം പിടിച്ചു നിൽക്കാനാവാതെ സഹോദരനോടൊപ്പം കാർഷികവൃത്തിയിൽ ഏർപ്പെട്ടു. പിതാവിനെ കുറിച്ച ആർദ്രമായ സ്മരണകൾ അദ്ദേഹത്തെ തുടർവിദ്യാഭ്യാസത്തിന് നിർബന്ധിച്ചുകൊണ്ടിരുന്നു. വീണ്ടും പള്ളി ദർസിലും പിന്നീട് മദ്രാസ് ജമാലിയാ കോളേജിലും പഠിച്ചു. അവിടെവെച്ച് പുരോഗമനവാദിയും പരിഷ്കർത്താവുമായ ജമാൽ മുഹമ്മദ് സാഹിബിന്റെ പ്രോത്സാഹനം മറ്റു വിദ്യാർഥികളിലെന്ന പോലെ സി.എന്നിലും വിജ്ഞാനത്തോടുള്ള ഔത്സുക്യം വർധിപ്പിച്ചു. അല്ലാമാ ഇഖ്ബാൽ, അബുൽകലാം ആസാദ്, സയ്യിദ് സുലൈമാൻ നദ്‌വി, മുഹമ്മദ് മർമഡ്യൂക് പിക്താൾ മുതലായ യുഗപുരുഷന്മാരുടെ പ്രഭാഷണങ്ങൾ ശ്രവിക്കാനും അവരുടെ നവോത്ഥാന പ്രവർത്തനങ്ങൾ അടുത്തറിയാനും അദ്ദേഹത്തിന് അവസരമുണ്ടായി. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അഭിമാനമായി കരുതിയിരുന്ന കാലത്ത് വിജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക് സി.എന്നിനെ ഉയർത്തിയത് ജമാലിയാ കോളേജായിരുന്നു. മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബുമായി പരിചയപ്പെട്ടതും അദ്ദേഹത്തിന്റെ രാഷ്ട്രീയ വീക്ഷണം പിന്തുടർന്നുതുടങ്ങിയതും ഈ കാലത്താണ്. എന്നാൽ ജമാലിയാ കോളേജ് ഭാരവാഹികൾ പുരോഗമനവാദികളായ ശിഷ്യന്മാരെ കണ്ടെത്താൻ നടത്തിയ മത്സര പരീക്ഷയിൽ സി.എന്നിന് വിജയിക്കാൻ കഴിഞ്ഞില്ല. തന്നിമിത്തം കോഴ്സ് പൂർത്തിയാവുന്നതിന് മുമ്പ് ജമാലിയ വിട്ടു.

പിന്നീട്, ഒരു വർഷത്തോളം ബോംബെയിൽ പഠനവും ജോലിയുമായി കഴിച്ചുകൂട്ടി. അവിടെനിന്നും മടങ്ങി 1924-ൽ വേലൂർ ബാഖിയാത്തുസ്സ്വാലിഹാത്തിൽ വിദ്യാർഥിയായി. ഒപ്പം, കോളേജ് ഭാരവാഹികളുടെ പ്രേരണയോടെ ഗവൺമെന്റ് അംഗീകാരമുള്ള അഫ്ദലുൽ ഉലമാ കോഴ്സിന് വേണ്ടി മദ്രാസ് യൂനിവേഴ്സിറ്റിയുടെ കീഴിൽ സമാന്തര പഠനവും നടത്തി. 1930-ൽ എം.എഫ്.ബി പരീക്ഷയും 1931-ൽ അഫ്ദലുൽ ഉലമാ പരീക്ഷയും പാസായി.

വേലൂരിലെ വിദ്യാഭ്യാസ ജീവിതം സി.എന്നിൽ വഴിത്തിരിവുണ്ടാക്കി. സതീർഥ്യരിൽ ഹനഫികളും ശാഫിഈകളുമുണ്ടായിരുന്നു. ശാഫിഈകൾക്കനുകൂലമായ ഹദീസുകൾ വിശദീകരിക്കപ്പെട്ടാൽ വിദ്യാർഥികൾക്കിടയിൽ മദ്ഹബ് തർക്കങ്ങൾ രൂപപ്പെടും. ഇരുവിഭാഗവും ശക്തമായ വിമർശനങ്ങൾ അഴിച്ചുവിടും. പ്രശ്നം പ്രിൻസിപ്പൽ കൂടിയായ അബ്ദുൽ ജബ്ബാർ ഹസ്രത്തിന്റെ മുമ്പിലെത്തി. അദ്ദേഹം പറഞ്ഞു: 'മദ്ഹബിന് വേണ്ടി വാദിക്കാനാണ് ഉദ്ദേശ്യമെങ്കിൽ ബുഖാരി പഠിക്കേണ്ടതില്ല. ബുഖാരി പഠിക്കുന്നത് നബിയുടെ ജീവിതമാതൃക പഠിക്കാനാണ്. അത് ജീവിതത്തിൽ പകർത്തുകയും വേണം.' കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഖുനൂത്തിന്റെ വിഷയം വന്നു. അവിടെയും ശാഫിഈ മദ്ഹബിനുവേണ്ടി വീറോടെ വാദിച്ചിരുന്ന സി.എൻ മദ്ഹബിനെ രക്ഷിക്കാൻ വേണ്ടി ലൈബ്രറിയിൽ ശരണം നേടി. ഫലം നിരാശയായിരുന്നു. ഈ രണ്ടു സംഭവങ്ങളും അദ്ദേഹത്തെ ഏറെ ചിന്തിപ്പിച്ചു. വിജ്ഞാനത്തോടുള്ള താൽപര്യം വർധിച്ചു. മുറുകെ പിടിക്കേണ്ടത് മദ്ഹബിനെയല്ലെന്നും ഖുർആനെയും ഹദീസിനെയുമാണെന്നും ബോധ്യപ്പെട്ടു. പരന്ന വായനയുടെയും അഗാധമായ ചിന്തയുടെയും ഫലമായി ഇമാം ശാഫിഈയോടുള്ള ബഹുമാനാദരവുകൾക്ക് മങ്ങലേൽപിക്കാതെ മദ്ഹബ് പക്ഷം ഉപേക്ഷിച്ചു. തെക്കേ ഇന്ത്യയിലെ മഹാപണ്ഡിതനായിരുന്ന അബ്ദുൽ ജബ്ബാർ ഹസ്രത്തിന്റെ ശിക്ഷണം സി.എന്നിനെ കാലത്തിന്റെ ഭാഷയിൽ ഇസ്‌ലാമിക നിയമങ്ങൾ പരിചയപ്പെടുത്താൻ കഴിവുള്ള ഒരു

പണ്ഡിതനാക്കി വളർത്തിയിരുന്നു.

കേരളത്തിൽ തിരിച്ചെത്തി മലപ്പുറം ട്രെയ്നിംഗ് സ്കൂളിൽ 'റിലിജിയസ് ഇൻസ്ട്രക്ടറായി' ജോലി നോക്കിക്കൊണ്ടാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. ഈ ജോലി അദ്ദേഹത്തിന്റെ നവോത്ഥാനശ്രമങ്ങൾക്ക് വലിയ സഹായമായി ത്തീർന്നു. കേരളത്തിലും ലക്ഷദ്വീപിലുമുള്ള അധ്യാപകവിദ്യാർഥികളെല്ലാം ഇവിടെവെച്ചായിരുന്നു പരിശീലനം നേടിയത്. അവരുടെയും അവർ മുഖേന സമുദായത്തിന്റെയും കണ്ണുതുറപ്പിക്കാൻ ഈ അവസരം അദ്ദേഹം ഉപയോഗപ്പെടുത്തി. മുസ്‌ലിയാക്കന്മാരെ ആധുനികത്വം പഠിപ്പിക്കാൻവേണ്ടി അവിടെ പ്രത്യേക ക്ലാസ് തന്നെ തുറന്നിരുന്നു. ഇവയിലൂടെ മുസ്‌ലിംകൾക്കിടയിലെ വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ച് സി.എൻ നടത്തിയ സ്വതന്ത്ര ചിന്തകൾ മലബാർ മുസ്‌ലിംകളിൽ പരിവർത്തനത്തിന്റെ വിത്തുപാകി.

1936-ൽ കേരള മുസ്‌ലിംകൾക്കായുള്ള ഒന്നാമത്തെ ഹൈസ്കൂൾ മലപ്പുറത്ത് ആരംഭിച്ചപ്പോൾ സി.എൻ അവിടെ അധ്യാപകനായി. അതിന്റെ പുരോഗതിക്ക് പ്രധാന അധ്യാപകൻ സി.ഒ.ടി കുഞ്ഞിപ്പക്കി സാഹിബിനോടൊപ്പം നിരന്തരമായി പ്രയത്നിച്ചു. കേരള നദ്‌വത്തുൽ മുജാഹിദീന്റെ സ്ഥാപകനേതാക്കളിൽ ഒരാളായ എൻ.വി അബ്ദുസ്സലാം മൗലവി മലപ്പുറം ഹൈസ്കൂളിൽനിന്നും 1940-ലാണ് സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയത്. അന്ന് സി.എൻ അവിടെ അധ്യാപകനാണ്. 1944-ൽ കടുത്ത സാമ്പത്തിക പ്രയാസത്തെ തുടർന്ന് ജോലിയിൽനിന്ന് രാജിവെച്ച് വ്യാപാരത്തിൽ പ്രവേശിച്ചു. വ്യാപാരരംഗത്തെ പരാജയം അദ്ദേഹത്തെ കൃഷിയിലേക്കും പത്രപ്രവർത്തനത്തിലേക്കും നയിച്ചു.

1949 ഡിസംബറിൽ മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ടിൽനിന്നും *അൻസാരി* മാസിക പ്രസിദ്ധീകരിച്ചു തുടങ്ങി. പുരോഗമന സ്വഭാവമുള്ള ലേഖനങ്ങളും വീക്ഷണങ്ങളും മാസികയിലൂടെ പുറത്ത് വന്നതോടെ കേരള മുസ്‌ലിംകളിൽ അത് വലിയ മതിപ്പുളവാക്കി. 14 ലക്കങ്ങൾക്കുശേഷം നിലച്ചു. എന്നാൽ അൻസാരിയുടെ താളുകളിലൂടെ പുറത്തുവന്ന ഖുർആൻ വിവർത്തനം വായനക്കാരെ പ്രചോദിപ്പിച്ചു. പെരുമ്പാവൂരിലെ മജീദ് മരക്കാർ സാഹിബിന്റെ പ്രേരണയും പ്രോത്സാഹനവും നിമിത്തം ഖുർആൻ പരിഭാഷപ്പെടുത്താനുള്ള ശ്രമത്തിൽ മുഴുകി. 1951 മുതൽ 1963 വരെയുള്ള 12 വർഷത്തെ നിരന്തര പ്രയത്നത്തിലൂടെയാണ് അദ്ദേഹം തന്റെ ശ്രമം പൂർത്തിയാക്കിയത്. മുസ്‌ലിംകൾക്കിടയിലും അമുസ്‌ലിംകൾക്കിടയിലും ഈ ഖുർആൻ വ്യാഖ്യാനഗ്രന്ഥം വമ്പിച്ച സ്വാധീനം ചെലുത്തി. പിൽക്കാലത്ത് നിരവധി പരിഭാഷകൾ യാഥാസ്ഥിതികർപോലും പുറത്തിറക്കിയെങ്കിലും അതിനുള്ള പ്രചോദനം സി.എന്നിന്റെ സംരംഭമായിരുന്നു എന്നതിൽ സംശയമില്ല. ഖുർആനികാശയങ്ങൾക്ക് മലയാളത്തിൽ കാവ്യാവിഷ്കാരം നൽകിയ കെ.ജി രാഘവൻ നായർക്ക് അതിനുള്ള വഴിതുറന്നത് സി.എൻ അഹ്‌മദ് മൗലവിയുടെ ഖുർആൻ പരിഭാഷയായിരുന്നുവെന്ന് അമൃതവാണിയുടെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്. (പ്രസാധനം-ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്-കോഴിക്കോട്-1997)

സി.എൻ അഹ്‌മദ് മൗലവിയുടെ പ്രവർത്തനകാലം കമ്യൂണിസത്തിലേക്കുള്ള ഒഴുക്കിന്റെ കാലമായിരുന്നു. തൊഴിലാളിവർഗ ക്ഷേമവും സാമ്പത്തിക സമത്വവുമെന്ന മുദ്രാവാക്യത്തിൽ ആകൃഷ്ടരായവർ ഇ.എം.എസ്സിന്റെ പിന്നിൽ അണിനിരന്നു. ഈ സിദ്ധാന്തത്തെ അതിജയിക്കാൻ മറ്റൊന്നിനും കഴിവില്ലെന്നും മുസ്‌ലിംകളുടെ പക്കൽ അതിന് പകരംവെക്കാൻ ഒന്നുമില്ലെന്നും മുസ്‌ലിം കമ്യൂണിസ്റ്റുകാർ മുസ്‌ലിം ബഹുജനങ്ങളെ ബോധിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു. പലരും അരിവാളിന്റെ കീഴിൽ അഭയം തേടിയപ്പോൾ മാർക്സിസ്റ്റ് സൈദ്ധാന്തികരെ വൈജ്ഞാനികമായി നേരിട്ട കേരളത്തിലെ ആദ്യത്തെ മുസ്‌ലിം പണ്ഡിതൻ സി.എൻ അഹ്‌മദ് മൗലവിയായിരുന്നു. 1938 മുതൽ അദ്ദേഹം ശേഖരിച്ച വസ്തുതകൾക്ക് 'ഇസ്‌ലാമിലെ ധനവിതരണ പദ്ധതി' എന്ന കൃതിയിലൂടെ രൂപംനൽകി. മാർക്സിസം വിളംബരം ചെയ്യുന്ന തൊഴിലാളി ക്ഷേമത്തേക്കാളും മനുഷ്യ സമത്വത്തേക്കാളും എത്രയോ ഉദാത്തമാണ് ഇസ്‌ലാമിലെ സകാത്തെന്ന് അദ്ദേഹം സമർഥിച്ചു.

1964-ൽ സി.എൻ മുൻകൈയെടുത്ത് ഈസ്റ്റ് ഏറനാടൻ എജുക്കേഷൻ സൊസൈറ്റി രൂപീകരിച്ചു. കിഴക്കൻ ഏറനാട്ടിൽ ഒരു കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടിയായിരുന്നു ഇത്. പാലക്കാടിനും മമ്പാടിനും ഇടക്കുള്ള പല പ്രമുഖരെയും കണ്ട് ചർച്ചനടത്തിയെങ്കിലും ആരും അനുകൂലമായി പ്രതികരിക്കുകയുണ്ടായില്ല. എന്നാൽ, മമ്പാട് അധികാരി അത്തൻ മോയിൻസാഹിബ് 30 ഏക്ര സ്ഥലം കൊടുക്കാമെന്നേറ്റു. സി.എന്നും അധികാരിയും എം.കെ ഹാജിയും ഈ പ്രവർത്തനവുമായി മുന്നേറി. അതിന്റെ ഫലമായിരുന്നു 1965-ൽ സ്ഥാപിതമായ മമ്പാട് ആർട്സ് ആന്റ് സയൻസ് കോളേജ്. 1969-ൽ ഇതിന്റെ നടത്തിപ്പ് എം.ഇ.എസ്സിനെ ഏൽപിക്കുകയാണുണ്ടായത്. പിന്നീട് മരണം വരെ ഗ്രന്ഥരചനയിലും സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിലും മുഴുകി.

ഖുർആൻ പരിഭാഷ കൂടാതെ ഖുർആന്റെ മൂലസിദ്ധാന്തങ്ങൾ, ഖുർആൻ ക്രോഡീകരണം, സ്വഹീഹുൽ ബുഖാരി പരിഭാഷ, ഇസ്‌ലാം ഒരു സമഗ്ര പഠനം, അഞ്ചുനേരത്തെ നമസ്കാരം ഖുർആനിൽ, ഇസ്‌ലാം ചരിത്രം, മനുഷ്യൻ അനശ്വരൻ, പലിശ എന്നിവയും അദ്ദേഹത്തിന്റെ

വിശിഷ്ട കൃതികളാണ്. കെ.കെ മുഹമ്മദ് അബ്ദുൽ കരീമുമായി സഹകരിച്ച് എഴുതിയ 'മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം' എന്ന കൃതിയും എടുത്ത് പറയത്തക്കതാണ്. മലയാളത്തിലെ ഇസ്‌ലാമിക സാഹിത്യ ശാഖക്ക് എക്കാലത്തെയും മുതൽക്കൂട്ടാണ് അദ്ദേഹത്തിന്റെ രചനകൾ.

അദ്ദേഹത്തിന്റെ പല അഭിപ്രായങ്ങളും മുസ്‌ലിം ബഹുജനത്തിനിടയിൽ പൊതു സമ്മതി നേടുകയുണ്ടായില്ലെങ്കിലും അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതിൽ അദ്ദേഹം ഗണനീയമായ പങ്കു വഹിക്കുകയുണ്ടായി. ധാരാളം അംഗീകാരങ്ങളും ബഹുമതികളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 1959 മുതൽ 1964 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു. 1989-ൽ അക്കാദമി ഫെല്ലോഷിപ്പ് നൽകി ആദരിച്ചു. കോഴിക്കോട്ടെ റോട്ടറി ക്ലബ്ബിന്റെ സ്വർണ മെഡൽ, രാമാശ്രമം അവാർഡ് തുടങ്ങിയവ അദ്ദേഹത്തിന് ലഭിച്ച പുരസ്കാരങ്ങളാണ്.

പല വിഷയങ്ങളിലും സ്വതന്ത്രമായ വീക്ഷണമായിരുന്നു. അവയിലൊന്നും അദ്ദേഹം യാതൊരു വിട്ടുവീഴ്ചക്കും സന്നദ്ധനായിരുന്നില്ല. ശരീഅത്ത് വിവാദ കാലത്ത് ഉൽപതിഷ്ണു പണ്ഡിതന്മാർക്കിടയിൽ തന്നെ അദ്ദേഹത്തിന്റെ നിലപാടുകൾ വിമർശന വിധേയമാവുകയുണ്ടായി. എങ്കിലും കേരള മുസ്‌ലിംകൾക്കിടയിലുള്ള നവോത്ഥാനത്തിലും പരിഷ്കരണ വാഞ്ഛയിലും അദ്ദേഹത്തിനുള്ള പങ്ക് അനിഷേധ്യമാണ്.

ഇസ്‌ലാമിക പഠന ഗവേഷണങ്ങൾക്കു വേണ്ടി പാലക്കാട് ജില്ലയിലെ എടത്തനാട്ടുകരയിൽ ഉന്നത നിലവാരം പുലർത്തുന്ന ഒരു ഗവേഷണ കേന്ദ്രവും ലൈബ്രറിയും സ്ഥാപിക്കുകയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം. ഇതിനു വേണ്ടിയുള്ള ശ്രമത്തിനിടയിൽ 1993 ഏപ്രിൽ 27-ന് കോഴിക്കോടുവെച്ച് അദ്ദേഹം നിര്യാതനായി. ബാല്യകാലം മുതൽ ദാരിദ്ര്യത്തോട് പൊരുതി വൈജ്ഞാനിക സേവനം നടത്തിയ ആ പരിഷ്കർത്താവ് സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും അതീതനായി മരണം വരെ തുടർന്നു.